# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3774 15.05.2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ്

ചോദ്യം

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പുതിയ സ്വാശ്രയ കോളേജുകളും, സ്വാശ്രയ കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നതും 22.08.2016 ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ. (സാധാ) 178/2016/ഉ.വി.വ. നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരുന്നു. എന്നാൽ ഈ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സിന്റെ അന്തിമ വിധിയ്ക്ക് വിധേയമായേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ഇത്തരത്തിൽ പുതിയ കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിലോ കോളേജ് എഡ്യുക്കേഷൻ ഡയറക്ടറേറ്റിലോ ഫയൽ പരിശോധന നടക്കുന്നുണ്ടോ; | (ബി) & (സി) | ഉണ്ട്. സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ശുപാർശ സഹിതം അംഗീകാരത്തിനായി സർക്കാരിലേക്ക് അയയ്ക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ